പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 254 **29-10-2026-ൽ മറുപടിയ്ക്ക്**

റിവൈവ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റിവൈവ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി സമഗ്രശിക്ഷാ കേരളം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'റിവൈവ്' - നവജീവനം പരിപാടി. ഈ പരിപാടി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 3, 4, 5, 6 ക്ലാസുകളിൽ നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടിയുടെ മൊഡ്യൂൾ നിർമ്മാണം, എസ്.ആർ.ജി പരിശീലനം, ഡി.ആർ.ജി പരിശീലനം എന്നിവ പൂർത്തിയായിട്ടുണ്ട്. ബി.ആർ.സി -തല അധ്യാപക പരിശീലനം 2026 ഒക്ടോബർ 22 മുതൽ നവംബർ 3-ാം തീയതി വരെ നടക്കുകയാണ്. നവംബർ 4 മുതൽ തുടങ്ങി 30 പ്രവൃത്തി ദിനങ്ങളിലെ സജീവമായ നിർവ്വഹണത്തിലൂടെ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികൾ അനുഭവിക്കുന്ന പഠന പ്രയാസങ്ങളെ ലഘൂകരിക്കാനുള്ള പ്രവർത്തനങ്ങളാണ് 'റിവൈവ്' മൊഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അടിസ്ഥാന ഗണിതം, മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനശേഷിയും ഭാഷാനൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പഠനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

മറുപടി: റിവൈവ് പദ്ധതി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ എല്ലാ എൽ.പി / യു.പി സ്കൂളുകളിലും HS, HSS കളോട് ചേർന്നുള്ള LP, UP വിഭാഗങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എൽ.പി, യു.പി തലത്തിലെ അടിസ്ഥാന ഗണിതം, മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനശേഷിയും ഭാഷാനൈപുണ്യവും മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന റിവൈവ് പദ്ധതിക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുകയും സംസ്ഥാന-ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. ബി.ആർ.സി തലത്തിൽ അധ്യാപകരുടെ പരിശീലനം 2026 ഒക്ടോബർ 22 മുതൽ നവംബർ 3-ാം തീയതി വരെ നടക്കുന്നതാണ്. റിവൈവ് പദ്ധതി 2026 നവംബർ 4 മുതൽ 30 പ്രവൃത്തി ദിനങ്ങളിലായി സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്.

എൽ.പി., യു.പി. ക്ലാസുകളിലെ വിദ്യാർഥികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം വിഷയങ്ങളിൽ അനുഭവപ്പെടുന്ന പരിമിതികൾ പൂർണ്ണമായും പരിഹരിക്കുക, പഠനങ്ങളിൽ മികച്ച നിലവാരത്തിലെത്താൻ ഉതകുന്ന തരത്തിലുള്ള ഭാഷാ-ഗണിത ശേഷികൾ ആർജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. മികച്ച രീതിയിലുള്ള പ്ലാനിംഗിലൂടെയും, പ്രവൃത്തി പഥത്തിലെ ഉൗർജ്ജ്വസ്വലമായ ഇടപെടലുകളിലൂടെയും അതിലുപരി കൃത്യമായ മോണിറ്ററിംഗിലൂടെയും പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതാണ്.

(സി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പഠനപിന്തുണ നൽകുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും പഠനക്കളരികളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

മറുപടി: പൊതുവിദ്യാലയങ്ങളിലെ എൽ.പി, യു.പി ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തി അവർക്ക് പ്രത്യേക പഠന പിന്തുണ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റിവൈവ് പദ്ധതിയുടെ ഭാഗമായുള്ള വിവിധ തലങ്ങളിലെ പരിശീലനങ്ങളും 30 ദിവസത്തെ പഠന പാക്കേജിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും പൊതുവിദ്യാലയങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള പോസ്റ്റ് ടെസ്റ്റ് നടത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനും വേണ്ട മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിതത്തിലും ഭാഷകളിലും ആവശ്യമായ പഠനശേഷി ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മറുപടി: റിവൈവ് പദ്ധതിയിലൂടെ എൽ.പി, യു.പി ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിതത്തിലും ഭാഷകളിലും ആവശ്യമായ പഠനശേഷി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ 30 ദിവസത്തെ പാക്കേജായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ